## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6401 3.4.2018-ൽ മറുപടിയ്ക്ക്**

**കേരള സ്റ്റേറ്റ് പൗൾട്രി ഡവലപ്പ്മെന്റ് കോർപറേഷൻ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.ടി.എ. റഹീം | | അഡ്വ.കെ.രാജു<br>(വനം,മൃഗസംരക്ഷണം<br>ക്ഷീരവികസനം,മൃഗശാല വകുപ്പ് മന്ത്രി) |
| എ) | കേരള സ്റ്റേറ്റ് പൗൾട്രി ഡവലപ്പ്മെന്റ് കോർപറേഷൻ മുഖേന നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | എ) | വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു |
| ബി) | ഗ്രാമം നിറയെ കോഴി പദ്ധതി പെരുമണ്ണ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | ബി) | പെരുമണ്ണ പഞ്ചായത്തിൽ ഗ്രാമം നിറയെ കോഴി പദ്ധതി നടപ്പാക്കുന്നതിന് ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## <u>അനുബന്ധം</u>

**കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കെപ്കോ നടപ്പിലാക്കിക്കൊ ണ്ടിരിക്കുന്ന പദ്ധതികൾ**

1. **കോഴിവളർത്തൽ ഗ്രാമങ്ങൾ പദ്ധതി**

തെരഞ്ഞെടുക്കപ്പെടുന്ന ഓരോ പഞ്ചായത്തിലും 500 വനിതാ ഗുണഭോക്താ ക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു. ഓരോരുത്തർക്കും 8 കോഴി, 5 കിലോ തീറ്റ, 50/- രൂപയുടെ മരു ന്ന് എന്നിവ നൽകുന്നു.

2. **കെപ്കോ ആശ്രയ പദ്ധതി**

തെരഞ്ഞെടുക്കുന്ന പഞ്ചായത്തുകളിലെ വിധവകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു. ഓരോ ഗുണഭോക്താവിനും 10 കോഴിയും, 10 കിലോ തീറ്റയും, 50/- രൂപയുടെ മരുന്നും ലഭിക്കുന്നു.

3. **റൂറൽ ബാക്ക് യാർഡ് പദ്ധതി**

കേരളത്തിലെ ഗ്രാമ പ്രദേശത്തുള്ള തൊഴിൽ രഹിതരായ സ്ത്രീകൾക്ക് ഒരു ചെറിയ വരുമാന മാർഗ്ഗവും കോഴിമുട്ട ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യവും മുൻനിറുത്തി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് റൂറൽ ബാ ക്ക്യാർഡ് പ ൗൾട്രി. നമ്മുടെ സംസ്ഥാനത്തെ ഭൂപ്രകൃതിയും കൃഷിക്ക് അനുയോജ്യമായ സാഹചര്യവും കണക്കിലെടുത്ത് അടുക്കള മുറ്റത്തെ കോഴി വളർത്തൽ പ ദ്ധതികളിലൂടെ മുട്ട ഉല്പാദനം വർദ്ധിപ്പിക്കുകയും ഇതിന്റെ ഉപഭോക്താക്കളായ വനിതകൾക്ക് ചെറിയ ഒരു വരുമാന മാർഗ്ഗവുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഒരു പഞ്ചായത്തിലെ തിരഞ്ഞെടുക്കുന്ന 5ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 500 ഗുണഭോക്താക്കൾക്കാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. അതിൽ പട്ടികജാതി, പട്ടികവർഗ വിഭാഗത്തിപ്പെട്ടവർക്കും മുൻഗണന നൽ കേണ്ട താണ്. ഈ പദ്ധതി പ്രകാരം ഓരോ ഗുണഭോക്താവിനും 45 കോഴികൾ മൂന്ന് ഘട്ടങ്ങളായി വിതരണം ചെയ്യുന്നതാണ്. ആദ്യ ഘട്ടത്തിൽ 20 ഉം ര ണ്ടാം ഘട്ടത്തിൽ 15 ഉം മൂന്നാം ഘട്ടത്തിൽ 10 ഉം എന്ന മുറയ്ക്കാണ് വിതരണം നടത്തുന്നത്. ഇതിനു പുറമേ ഓരോ ഗുണഭോക്താവിനും 750 രൂപ കൂട് നിർമ്മാണത്തിനായി നൽകുന്നതാണ്. ഓരോ ഗുണഭോക്താവും കോഴി ഒന്നിന് 35 രുപ എന്ന നിരക്കിൽ ഗുണഭോക്തൃ വിഹിതമായി നൽകേ ണ്ട താണ്.

4. **കെപ്കോ നഗരപ്രിയ പദ്ധതി**

നഗര പ്രദേശങ്ങളിലെ മുട്ടയുൽപാദനം വർദ്ധിപ്പിക്കുക, അടുക്കള മാലിന്യങ്ങൽ നൽകി മുട്ടയുല്പാദന ചിലവ് കുറയ്ക്കുക, മാലിന്യ സംസ്കരണത്തിന് ഒരു പരിധി വരെ സഹായിക്കുക, കോഴിവളം പച്ചക്കറി കൃഷിക്ക് ഉപയോഗപ്പെടുത്തി പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കുക എന്നിവ ലക്ഷ്യമാക്കി കോർപ്പറേഷൻ/ മുൻസിപ്പാലിറ്റി എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ചു കൊണ്ട് സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ രൂപം നൽകിയിരിക്കുന്ന നൂതന പദ്ധതിയാണിത്. നഗര പ രിധിക്കുള്ളിൽ സ്ഥിരതാമസമാക്കിയിട്ടുള്ള കുടുംബങ്ങൾക്ക് എ.പി.എൽ, ബി.പി.എൽ മാനദണ്ഡമില്ലാതെ ഓരോ ഗുണഭോക്താവിനും 5 കോഴിയും, ആധുനി ക രീതിയിലുള്ള കൂടും, 5 കിലോ തീറ്റയും, മരുന്നും നൽകുന്നതാണ് ഈ പദ്ധതി. ഗുണഭോക്താക്കൾ നിശ്ചിത തുക ഗുണഭോക് തൃവിഹിതമായി

അ ട യ്ക്കേതുണ്ട്.

5. **കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി**

സ്കൂൾ കുട്ടികളിൽ സമ്പാദ്യശീലം വളർത്തുക, തൊഴിലിന്റെ മഹത്വം ബോധ്യപ്പെടുത്തുക എന്നീ ലക്ഷ്യങ്ങൾ മുൻ നിറുത്തി നടപ്പിലാക്കുന്ന പ ദ്ധതിയാണിത്. സംസ്ഥാനത്തെ ഗവൺമെന്റ് / എയ്ഡഡ് സ്കൂളുകളിലെ യു.പി വിഭാഗത്തിലെ 8,9 സ്റ്റാൻഡേർഡുകളിലെ കുട്ടികൾക്കും ഇതിന്റെ പ്രയോജനം ലഭിക്കുന്നു. ഓരോ കുട്ടിയ്ക്കും 5 കോഴിയും, 5 കിലോ തീറ്റയും, മരുന്നും സൗജന്യമായി ലഭിക്കുന്നു.

6. **കോൾ നിലങ്ങളിലെ കോഴിവളർത്തൽ പദ്ധതി**

തൃശ്ശൂർ, പൊന്നാനി മേഖലകളിലെ തെരഞ്ഞെടുക്കപ്പെടുന്ന കോൾ നിലങ്ങളിൽ ഒരു ഗുണഭോക്താവിന് 12 കോഴി, 10 കിലോ കോഴിത്തീറ്റ, 50 രൂപയുടെ മരുന്ന് എന്നിവയാണ് നൽകി വരുന്നത്. ഗുണഭോക്തൃ വിഹിതമായി 100 രൂപ വീതം അടയ്ക്കേണ്ട താണ്.

7. **ഇന്റഗ്രേഷൻ പദ്ധതി**

സ്വന്തമായി സ്ഥലവും കോഴിവളർത്തലിന് ആവശ്യമുള്ള അടിസ്ഥാന സൗകര്യങ്ങളുമുള്ള തത്പരരായ കർഷകരെ ഉദ്ദേശിച്ചാണ് ഇന്റഗ്രേഷൻ പദ്ധതി നടപ്പാക്കുന്നു. ഈ പദ്ധതി യിൽ മുട്ടക്കോഴി വളർത്തൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം കോഴിക്കുഞ്ഞുങ്ങൾ, കോഴിത്തീറ്റ, മരുന്ന് എന്നിവ കോർപ്പറേഷൻ കർഷകർക്ക് നൽ കുന്നു. ഇന്റഗ്രേഷൻ പദ്ധതിയ്ക്ക് പുറമേ തിരുവനന്തപുരം ജില്ലയിൽ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ബ്രോയിലർ ബ്രീഡർ ഫാമിൽ മേൽത്തരം ഇറച്ചിക്കോഴികുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് സൗജന്യ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്ത് ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിച്ച വരുന്നു.

8. **കോൺട്രാക്ട് ഫാമിംഗ്**

ഇറച്ചിക്കോഴി വളർത്തലിൽ താത്പര്യമുള്ള കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി കെപ്കോ ആവിഷ്കരിച്ചു നടപ്പാക്കുന്ന പദ്ധതിയാണ് കെപ്കോ കോൺട്രാക്ട് ഫാമിംഗ്. കെപ്കോ ഉത്പാദിപ്പിക്കുന്ന ഒരു ദിവസം പ്രായമുള്ള ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ മിതമായ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്ത് 40-45 ദിവസം പ്രായമാകുമ്പോൾ കെപ്കോ തന്നെ കിലോയ്ക്ക് 85 രൂപ നിരക്കിൽ വില നൽകി തിരിച്ചെടുത്ത് മീറ്റ് പ്രോസസിംഗ് പ്ലാന്റിൽ പ്രോസസ് ചെയ്ത് കെപ്കോ ചിക്കൻ തയ്യാറാക്കുന്നു. കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കാത്ത ലളിതമായ വ്യവസ്ഥകളാണ് ഈ പദ്ധതിയു ടെ മുഖ്യ ആകർഷണം. കർഷകർ വളർത്തിയെടുക്കുന്ന ഇറച്ചിക്കോഴികളെ കെപ്കോ ത ന്നെ തിരിച്ചു വാങ്ങുന്നതിനാൽ തങ്ങളുടെ ഉത്പന്നങ്ങൾക്ക് പ്രത്യേകം വിപണി ക ണ്ടെത്തേണ്ട ചുമതലയും കർഷകർക്കുണ്ടാകുന്നില്ല.

സെക്ഷൻ ഓഫീസർ